പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4561

04.02.2014 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, പി. ബി. അബ്ദുൾ റസാക്:<br>,, കെ. എൻ എ. ഖാദർ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | പാവപ്പെട്ടവർക്ക് സൗജന്യമായും കുറഞ്ഞ വിലയിലും നല്കേണ്ട റേഷൻ സാധനങ്ങൾ മൊത്തമായി കടത്തിക്കൊണ്ടുപോകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം എത്ര കേസുകൾ പിടിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ; | (ബി) | 90 കേസുകൾ.<br>വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | റേഷൻ വിതരണ സംവിധാനത്തിലെ ക്രമക്കേട് തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ മാറ്റം വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | റേഷൻ വിതരണ സംവിധാനത്തിലെ ക്രമക്കേട് തടയുന്നതിന് പൊതുവിതരണ ശൃംഖലകളിലും പൊതുകമ്പോളത്തിലും ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേയ്ക്കുള്ള നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്,അലർട്ട് സംവിധാനമായ എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രെയിൻ മൂവ്മെന്റ് ഫോർ ഇഫക്ടീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള |

ഉപഭോക്താക്കൾക്ക് ഭക്ഷ്യ സാധനങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുമ്പോൾതന്നെ എസ്.എം.എസ് വഴി ഇനം, വിട്ടെടുത്ത തീയതി, സമയം, ട്രക്ക്നമ്പർ തുടങ്ങിയവ ലഭിക്കുന്നു. സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>തിരുവനന്തപുരം</u>

27 കേസുകൾ പിടിച്ചെടുത്തിട്ടുണ്ട്. 27 കേസുകളിലായി 3342 ചാക്ക് അരിയും, 428 ചാക്ക് ഗോതമ്പും, 34 ചാക്ക് പഞ്ചസാരയും പിടിച്ചെടുത്തിട്ടുണ്ട്. ഇവയിൽ 5 കേസുകളിൽ പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടി പിഴ ഈടാക്കുകയുണ്ടായി. 3 കേസുകൾ പിഴ ഈടാക്കി ഭക്ഷ്യധാന്യങ്ങൾ വിട്ടുനല്കുയും 1 കേസ് നിരുപാധികം ഭക്ഷ്യധാന്യങ്ങൾ വിട്ടുനല്കുകയും ചെയ്തു. ബാക്കിയുളള 18 കേസുകളിൽ തുടർ നടപടികൾ നടന്നു വരുന്നു. ഈ ഇനത്തിൽ 1,17,136/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

<u>കൊല്ലം</u>

15 കേസുകൾ നിലവിലുണ്ട്. ടി കേസുകളിന്മേൽ പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ ശൃംഖലവഴി വിറ്റഴിക്കുകയും വില്പനവില ആർ.ഡി.യിൽ സൂക്ഷിച്ചിട്ടുളളതാണ്. ചില കേസുകളിൽ വില്പനവില സർക്കാർ ശീർഷകത്തിലേക്കും മാറ്റിയിട്ടുണ്ട്.

<u>പത്തനംതിട്ട</u>

മൂന്ന് കേസുകൾ നിലവിലുണ്ട്. 750 കി.ഗ്രാം ഗോതമ്പ്, 15 ലിറ്റർ മണ്ണെണ്ണ, 2 ചാക്ക് ഗോതമ്പ് എന്നിവ പിടിച്ചെടുത്തു. ആയതിന്മേൽ കേസ് കോടതിയുടെ പരിഗണനയിലാണ്.

<u>ആലപ്പുഴ</u>

11 കേസുകൾ, 7114 ലിറ്റർ മണ്ണെണ്ണ, 6124 കി.ഗ്രാം ഗോതമ്പ്, 5030 കി.ഗ്രാം അരി, 10കിന്റൽ പഞ്ചസാര എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

<u>കോട്ടയം</u>

2 കേസുകൾ. 8347 കി.ഗ്രാം അരിയും 100 കി.ഗ്രാം ഗോതമ്പും പിടിച്ചെടുത്തു.

<u>ഇടുക്കി</u>

1 കേസ്, 600 കി.ഗ്രാം അരി പിടിച്ചെടുത്തു.

<u>എറണാകുളം</u>

23 കേസുകൾ, 702.34 ക്വിന്റൽ അരി, 510.78 ക്വിന്റൽ ഗോതമ്പ്, 6590 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തു.

<u>തൃശ്ശൂർ</u>

റേഷനരിയാണെന്ന സംശയത്തിൽ 6 കേസുകൾ പിടിച്ചിട്ടുണ്ട്. മേൽ കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കേസുകൾ നിലവിലില്ല.

<u>കാസർഗോഡ്</u>

2 കേസുകൾ നിലവിലുണ്ട്. 9900 കി.ഗ്രാം ഗോതമ്പും 600 കി.ഗ്രാം പച്ചരിയും പിടിച്ചെടുത്തു